യൂണിഫോറത്തിനു് തുണി വാങ്ങിയതിൽ അഴിമതി നടന്നതായി ആക്ഷേപം

1231 [1970] ശ്രീ. സേവ്യർ അറയ്ക്കൽ:
,, വി. ഈച്ചരൻ:
,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാർക്കു് യൂണിഫോറത്തിന്റെ ആവശ്യത്തിനു് തുണി വാങ്ങി വിതരണം നടത്തുകയുണ്ടായോ;

(ബി) ഇക്കാര്യത്തിൽ അഴിമതി നടന്നതായി ആക്ഷേപമുണ്ടായിട്ടുണ്ടോ;

(സി) തുണി വാങ്ങിയതു് ആരിൽനിന്നു്; അതിൽത്തന്നെ എന്തു് വിലക്കു്;

(ഡി) ഈ ഇനത്തിൽ മൊത്തം എന്തു ചെലവായി എന്നു വ്യക്തമാക്കുമോ;

(ഇ) കോർപ്പറേഷന്റെ ആവശ്യത്തിനുള്ള തുണികൊണ്ടു നൽകുവാൻ ''സീതാറാം മിൽ'' എന്ന പൊതുമേഖലാ സ്ഥാപനം കമ്മീഷൻ സമർപ്പിച്ചിരുന്നുവോ;

(എഫ്) ഏതു കമ്മീഷനാണു് സ്വീകരിച്ചതു്; കൂടുതൽ നിരക്കിനുള്ള കമ്മീഷൻ സ്വീകരിക്കുവാൻ കാരണമെന്തു്?

ഉത്തരം

(എ) 1979-ലേക്കു ആവശ്യമായ തുണിക്കു ഓർഡറുകൊടുത്തിട്ടുണ്ടു്. അതിൽ 36428 മീറ്റർ കാക്കി കിട്ടിയിട്ടുണ്ടു്. ബാക്കി തുണി ഉടൻ കിട്ടുമെന്നു് പ്രതീക്ഷിക്കുന്നു. മുഴുവൻ തുണിയും കിട്ടിയ ശേഷമേ വിതരണം നടത്തുകയുള്ളു.

(ബി) ഉണ്ടു്.

(സി) 1979-ലേക്കുള്ള കാക്കി തുണിക്കു് എറണാകുളത്തുള്ള 'കോൺകോഡ്' ഏജൻസീസിനും (ബിന്നി തുണി) നീല തുണിക്കു് ബോംബെയിൽ ഇൻഡ്യാ യുണൈറ്റഡ് മിൽസിനുമാണു് (ഒരു ഇൻഡ്യാ ഗവൺമെന്റ് സ്ഥാപനം) ഓർഡറുകൊടുത്തിരിക്കുന്നതു്. കാക്കി തുണി മീറ്ററിനു് 7 രൂപാ 20 പൈസാ നിരക്കിലും ആണു് ഓർഡറുകൊടുത്തിരിക്കുന്നതു്.

(ഡി) ഈ ഇനത്തിൽ ഉദ്ദേശം 16.3 ലക്ഷം രൂപാ ചെലവാകും.

(ഇ) സമർപ്പിച്ചിരുന്നു.

(എഫ്) കാക്കി തുണി കോൺകോഡ് ഏജൻസീസിനും, നീല തുണി ഇൻഡ്യാ യുണൈറ്റഡ് മിൽസിനും മെച്ചപ്പെട്ട തുണികണക്കാക്കിയാണു് കമ്മീഷൻ സ്വീകരിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly